**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2171**

**18.07.2016 ലെ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് വിജയിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ലീവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ റഹിം. | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് വിജയിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എ) അനുവദിച്ചിട്ടുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XIV A റൂൾ 56 (5) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ചെയർമാൻ, ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ആ പദവിയിൽ തുടരുന്നിടത്തോളം ഒരു അക്കാദമിക വർഷം മുഴുവനായോ പ്രസ്തുത പദവിയിൽ തുടരുന്ന മൊത്തം കാലയളവിലേക്കോ ശമ്പളമില്ലാത്ത പ്രത്യേകഅവധി (ശൂന്യവേതനാവധി) അവദിച്ചു വരുന്നുണ്ട്.

റൂൾ 56 (6) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാൻഡിംങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ പ്രസ്തുത വിദ്യാലയത്തിലെ അദ്ധ്യാപന പ്രവർത്തനങ്ങൾക്ക് തടസ്സം വരുത്താതെ ഒരു അക്കാദമിക വർഷം 20 ദിവസം വരെ ഡ്യൂട്ടി ലീവായി അനുവദിച്ചിട്ടുണ്ട്.

റൂൾ 56 (7) പ്രകാരം എയ്ഡഡ് സ്കൂളദ്ധ്യാപകർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ അദ്ധ്യാപക പ്രവൃത്തിക്ക് തടസ്സം വരാത്ത രീതിയിൽ ഒരക്കാദമികവർഷം 15 ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ചിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകരെ സ്കൂളുകളുടെ അദ്ധ്യയന രംഗത്ത് ആവശ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കാത്തത് പ്രയാസങ്ങളുണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പുകളിൽ വിജയിക്കുന്ന അദ്ധ്യാപകർ പ്രസ്തുത കാലയളവിലേക്ക് ലീവ് എടുക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ സന്നദ്ധമാവുമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ